# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഒക്ടോബർ 2024



അമ്മയുടെ കരംപിടിച്ച്

പോംപെയിലെ പരിശുദ്ധ ജപമാല രാജ്ഞിയുടെ തീർത്ഥാടന കേന്ദ്രം

# കുട്ടനെല്ലൂർ
# സെന്റ് ജൂഡ് ലത്തീൻ പള്ളിയിൽ

## അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ

# വി.യൂദാശ്ലീഹായുടെ

## 22–ാം

# ഊട്ടുതിരുനാൾ



**2024**
**ഒക്ടോബർ**
**10**
**വ്യാഴം**

ആശംസകളോടെ...



റൈറ്റ് റവ.ഡോ.ആംബ്രോസ് പുത്തൻവീട്ടിൽ
(കോട്ടപ്പുറം രൂപത ബിഷപ്പ്)



റൈറ്റ് റവ.ഡോ.ഫാ. വർഗ്ഗീസ് ചക്കാലക്കൽ
(കോഴിക്കോട് രൂപത ബിഷപ്പ്)



ഫാ.ഫ്രാൻസൺ കുരിശിങ്കൽ
(വികാരി)

## ഊട്ടുസദ്യ വിതരണം

(2024 ഒക്ടോബർ 10 വ്യാഴം)

ഉച്ചയ്ക്ക് 12.00 മണി മുതൽ രാത്രി 9.00 മണി വരെ

കൊടിയേറ്റം ഒക്ടോബർ 6 ഞായർ

തിരുശേഷിപ്പ് വണക്കം ഒക്ടോബർ 9, 10



# ആര് എനിക്കുവേണ്ടി നിൽക്കും?



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

ഫ്രഞ്ച് എഴുത്തുകാരനായ **ഫ്രാങ്ക് പാവ്ലോഫ്** 1998 ൽ എഴുതിയ പ്രശസ്തമായ ചെറുകഥയാണ് **തവിട്ട് നിറമുള്ള പ്രഭാതം**.

കഥാനായകൻ ചാർളി എന്ന സുഹൃത്തുമായി നടത്തുന്ന സംഭാഷണത്തിലൂടെയാണ് കഥ തുടങ്ങുന്നത്. കഥ വളരെ ലളിതമാണ്, സ്വേച്ഛാധിപത്യവും മനുഷ്യസാതന്ത്ര്യത്തിന്റെ നിഷേധവും വളരെയധികം അസ്വാസ്ഥ്യങ്ങൾ സൃഷ്ടിക്കുന്നതാണു ഇതിവൃത്തം. ബ്രൺ എന്ന സ്ഥലത്ത് പൂച്ചകൾ വർദ്ധിച്ചു വരുന്നു. അവയുടെ എണ്ണം നിയന്ത്രിക്കാൻ സർക്കാർ തീരുമാനിക്കുന്നു. അതിനായി, തവിട്ട് നിറമുള്ള പൂച്ചകളെ മാത്രം ബാക്കി വെച്ച് ബാക്കിയെല്ലാറ്റിനേയും കൊന്നുകളയാൻ ഗവണ്മെന്റ് ഉത്തരവിടുന്നു. ഇതിനായി പട്ടാളക്കാരെ വരെ ഇറക്കി സൗജന്യമായി വിഷമരുന്നുകൾ ഗവണ്മെന്റ് നൽകുന്നു.

കഥ പുരോഗമിക്കുന്നത് തവിട്ട് നിറത്തിന്റെ അകമ്പടിയോടെ തന്നെയാണ്. പൂച്ചകൾ ഒക്കെ നശിച്ചപ്പോൾ തവിട്ട് നിറമുള്ള നായകളെ ബാക്കി നിർത്തി ബാക്കിയെല്ലാ നായകളേയും കൊന്നുകളയാനായി ഗവൺമെന്റിന്റെ തീരുമാനം. തുടർന്ന് ബ്രൗൺ ന്യൂസ് എന്ന പത്രം മാത്രം നിലനിർത്തി ബക്കിയെല്ലാ പത്രങ്ങളും നിർത്താൻ ഗവണ്മെന്റ് ഉത്തരവിറക്കുന്നു. തുടർന്ന് അറിവ് പ്രധാനം ചെയ്യുന്ന വായനശാലകളെ ആയിരുന്നു ലക്ഷ്യമിട്ടത്. അങ്ങനെ വന്ന്, അവസാനമാവുമ്പോൾ കഥ പറയുന്ന ആൾ വരെയും പട്ടാളക്കാരാൽ അറസ്റ്റ് ചെയ്യപ്പെടുന്നു. ഇടയ്ക്കെപ്പൊഴോ കഥാനായകൻ അറിഞ്ഞു തന്റെ ആത്മമിത്രം ചാർളിയും ഇതേ കാരണത്താൽ അറസ്റ്റ് ചെയ്യപ്പെട്ടുവെന്ന്; കാരണം, അയാൾക്ക് ഇപ്പോൾ തവിട്ടു നിറ

മുള്ള നായ്ക്കളുണ്ടെങ്കിലും മുമ്പ് ആ നിറം അല്ലാത്ത നായ്ക്കളെയും വളർത്തിയ ചരിത്രമുണ്ടായിരുന്നു എന്നതായിരുന്നു.

തവിട്ട് നിറമുള്ള പ്രഭാതം വെറുമൊരു കഥയായി അവസാനിക്കുന്നതല്ല. മാനുഷിക-സാമൂഹിക അവകാശങ്ങളുടെ കടക്കൽ കത്തി വയ്ക്കുന്ന ചിലതിനെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ്. നീതി നിഷേധിക്കപ്പെടുന്ന ജനങ്ങളുടെ കൂടെ ഒറ്റക്കെട്ടായി നിലകൊള്ളുവാൻ സമൂഹം മടിച്ചാൽ ഉണ്ടായേക്കാവുന്ന വിപത്തിനെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ.



വഖഫ് നിയമങ്ങളുടെ പേരിൽ റവന്യൂ അവകാശങ്ങൾ നിഷേധിക്കപെടുന്ന മുനമ്പം –കടപ്പുറം പ്രദേശത്തെ ജനങ്ങളുടെ കണ്ണുനീരിന്റെ ജീവിത നേർ കാഴ്ചകൾ ആണ് കുറച്ചു മാസങ്ങളായി നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. ദുരന്തങ്ങൾ അഭിമുഖീകരിക്കുമ്പോൾ 'കേരളത്തിന്റെ ആർമി' എന്നൊക്കെ സുന്ദരമായ പേരിട്ടുവിളിക്കപ്പെടുന്ന കുറച്ചു പച്ചയായ മനുഷ്യർ. അധ്വാനിച്ചു ഉണ്ടാക്കിയ പൈസക്കൊണ്ട് വില കൊടുത്തു വാങ്ങിയ സ്വന്തം പേരിലുള്ള സ്ഥലത്തിന് മേലുള്ള അവകാശം വഖഫ് നിയമങ്ങളുടെ പേര് പറഞ്ഞു തട്ടിപറിക്കാൻ ശ്രമിക്കുമ്പോൾ, കൂടെയുണ്ടാകുമെന്ന് വിചാരിച്ചവർ പോലും കൂട്ടിനില്ല എന്നറിയുമ്പോഴും പോരാട്ടവീര്യം കൈവിട്ടുപോയിട്ടില്ല എന്ന് വിളിച്ചു പറയുന്ന സൈനീകരെ പോലെ മുനമ്പം - കടപ്പുറം പ്രദേശത്തെ 610 കുടുംബങ്ങൾ ആത്മവീര്യത്തോടെ നീതിക്കുവേണ്ടിയുള്ള പോരാട്ടവുമായി മുന്നോട്ടു തന്നെയാണ്. പൗരന്മാരുടെ ഭരണഘടനാപരമായ അവകാശങ്ങളെ വെല്ലുവിളിക്കുന്നുണ്ടെങ്കിൽ വഖഫ് നിയമങ്ങൾ തിരുത്തപ്പടണം. വില കൊടുത്ത് കരമടച്ച് സ്വന്തമാക്കിവച്ച ഭൂമി അന്യാധീനമായി പോകുന്ന മുനമ്പം - കടപ്പുറം പ്രദേശത്ത് സംഭവിക്കുന്നതുപോലുള്ള മനുഷ്യാവകാശങ്ങളുടെ ലംഘനം ഇനി ഒരിടത്തും ഒരിക്കലും ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ഭരണാധികാരികൾ സ്വീകരിക്കണം.

മനസാക്ഷിയുള്ള കേരള സമൂഹം നീതി കാത്തു നിൽക്കുന്ന ഈ 610 കുടുംബങ്ങളോടൊപ്പം നിൽക്കണം. ഇനിയും മറ്റൊരു തവിട്ട് നിറമുള്ള പ്രഭാതം ആവർത്തിക്കപ്പെടാതിരിക്കാൻ വേണ്ടി, കാരിരുമ്പിന്റെ ഉൾക്കരുത്തോടെ ജീവിക്കാനുള്ള അവകാശങ്ങൾക്കായി പോരാടുന്ന സമൂഹങ്ങൾകൾക്ക് ശക്തി നൽകും. അല്ലയെങ്കിൽ നീതി നിഷേധങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ നമുക്കുവേണ്ടി സംസാരിക്കാൻ ചുറ്റുമുള്ളവരിൽ ആരുമുണ്ടാവില്ല. അവരിൽ പലരും വളരെ മുൻപ് തന്നെ നീതി നിഷേധങ്ങൾക്ക് മുൻപിൽ ജീവനും സമ്പത്തും നഷ്ടപ്പെടുത്തി ചരിത്രത്താളുകളിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടാകും.

നീതി നിഷേധങ്ങൾക്കെതിരെ ജീവനും സ്വത്തിനും വെല്ലുവിളികൾ ഉയർത്തുന്ന നിയമങ്ങൾക്കെതിരെ സാമൂഹിക വിപത്തുക്കൾക്കെതിരെ നമുക്ക് ഒരുമിച്ചു കൈകോർക്കാം.





*കർത്താവു പാറയാകുന്നു, അവിടുത്തെ പ്രവൃത്തി പരിപൂർണവും അവിടുത്തെ വഴികൾ നീതിയുക്തവുമാണ്. തിൻമയറിയാത്തവനും വിശ്വസ്തനുമാണു ദൈവം; അവിടുന്ന് നീതിമാനും സത്യസന്ധനുമാണ്.* നിയമാവർത്തനം 32:4

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഒക്ടോബർ 2024

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**അമ്മയുടെ കരംപിടിച്ച്** .................................... 4

**വയനാടിൻ രോദനം** ...................................... 6

**പോംപെയിലെ പരിശുദ്ധ ജപമാല രാജ്ഞിയുടെ തീർത്ഥാടന കേന്ദ്രം** ...................................... 7

*കറുപ്പ്*
**മുണ്ടൻ പറുങ്കി** .......................................... 10

**അഹങ്കാരവും വിനയവും** ............................... 12

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**യുവജന മതബോധന ഗ്രന്ഥം – യുക്യാറ്റ്** .............. 13

*അയൽക്കൂട്ടം*
**പ്രത്യാശയുടെ ആകാശങ്ങളിലേക്ക്** ...................... 14

**രൂപത വാർത്തകൾ** ..................................... 17

**Mission Sunday - 2023** ......................................... 22

*പിൻമൊഴി*
**പേജർ യുദ്ധം** ............................................ 24



## പൈതൃകാമുഖം

# അമ്മയുടെ കരംപിടിച്ച്



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ



**ഒ**ക്ടോബർ മാസം പരിശുദ്ധ അമ്മയുടെ കരംപിടിച്ച് ജപമാല മണിയുടെ താളത്തിൽ സഞ്ചരിക്കുവാനുള്ള സമയമാണ്. പരിശുദ്ധ അമ്മയെ 'നന്മ നിറഞ്ഞ മറിയമേ' എന്നു വിളിച്ചു പ്രാർത്ഥിക്കുന്ന നമ്മളെല്ലാവരും അമ്മയുടെ ജീവിത മാതൃക അനുകരിച്ചുകൊണ്ട് മറ്റുള്ളവരാൽ "നന്മ നിറഞ്ഞവളേ, നന്മ നിറഞ്ഞവനേ" എന്നു വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരും അതിനു പരിശ്രമിക്കുന്നവരുമാണ്.

സെപ്തംബർ 21-ാം തിയ്യതി ഫ്രാൻസിസ് പാപ്പയുമായി 47 രാജ്യങ്ങളിൽ നിന്നുമുള്ള പുതിയ മെത്രാന്മാർ കണ്ടുമുട്ടിയപ്പോൾ പാപ്പാ പറഞ്ഞത് ദൈവവുമായുള്ള അടുപ്പം, മെത്രാന്മാരുമായുള്ള അടുപ്പം, വൈദികരുമായുള്ള അടുപ്പം, ദൈവജനവുമായുള്ള അടുപ്പം എന്നിവ എപ്പോഴും ശക്തിപ്പെടുത്തണമെന്നാണ്. പരിശുദ്ധ അമ്മയുടെ ജീവിതത്തിൽ ദൈവവുമായുള്ള അടുപ്പം, തന്നെ ഏൽപ്പിക്കുന്ന ദൗത്യവുമായുള്ള അടുപ്പത്തിലൂടെ ശക്തിപ്പെടുത്തുകയായിരുന്നു. ദൈവപുത്രനെ കൊണ്ടു നടക്കുവാനുള്ള ദൗത്യം ജീവിതത്തിന്റെ



*നീതിയിലും ന്യായത്തിലും അങ്ങു സിംഹാസനം ഉറപ്പിച്ചിരിക്കുന്നു;*
*കാരുണ്യവും വിശ്വസ്തതയും അങ്ങയുടെ മുൻപേ നീങ്ങുന്നു.*
സങ്കി 89:14



വ്യത്യസ്ത മേഖലകളിൽ പ്രതിഫലിപ്പിക്കുന്ന പ്രാർത്ഥനയാണ് ജപമാല.

സദ്‌വാർത്ത ശ്രവിച്ച മറിയം സന്ദർശനത്തിനായി ഇറങ്ങി പുറപ്പെടുമ്പോൾ കൃപ നിറഞ്ഞാൽ മറ്റുള്ളവർക്ക് കൃപ നൽകണമെന്ന പാഠമാണ് നമുക്ക് നൽകുന്നത്. വചനം മാംസമാക്കിക്കൊണ്ട് രക്ഷകന് ജന്മമേകുകയും ആ മകനെ ദൈവാലയത്തിൽ സമർപ്പിക്കുകയും നഷ്ടപ്പെട്ടു പോകുമ്പോൾ തിരികെ കണ്ടെത്തുന്നതും നമ്മെ ഓർമ്മപ്പെടുത്തുന്നത് ജീവിതത്തിൽ ദൈവവുമായി ഒരു അടുപ്പമുള്ളവർക്ക് ജീവിതമൊരു ജപമാലയാണെന്നതാണ്.

ജീവിതത്തിന്റെ ദുഃഖകരമായ ഇരുണ്ട അവസരത്തിലും, പ്രകാശത്തിന്റെ വർണ്ണങ്ങളുള്ള നേരത്തും, മഹത്വത്തിന്റെ കൊടുമുടി അനുഭവത്തിലും അമ്മയുടെ മനോഭാവം “ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” (ലൂക്ക 1 : 38) എന്ന വലിയ വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, പ്രത്യാശയുടെയും മാതൃക ഈ ഒക്ടോബർ മാസം മുഴുവൻ നമ്മിൽ ജ്വലിക്കട്ടെ. ■



**അഭിവന്ദ്യ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് പീച്ചി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി**



# വയനാടിൻ രോദനം



**അഗസ്റ്റിൻ പനച്ചിക്കൽ**
കോട്ടപ്പുറം

**ക**രയുന്നു കേരളം,
കരൾ നൊന്തുനീറി പിടയുന്നുകേരളം,
ഇടനെഞ്ചുപൊട്ടുന്ന വയനാടൻ
വാർത്തകൾ
കണ്ടുതരിച്ചിരിക്കുന്നു കേരളം
കണ്ണടച്ചാലും തെളിയുന്നകക്കണ്ണിൽ
കരളുലയ്ക്കുന്ന ഭീകര കാഴ്ചകൾ
കാതടച്ചാലും മുഴങ്ങിതെപ്പൊഴും
മലയോരമക്കടെ ദീനമാം രോദനം
ഒരൊറ്റരാത്രി,
കനവറ്റ കാലവർഷപെരുംപെയ്ത്തി
ലുഗ്രാമമുരുൾപൊട്ടലിൽ
കശക്കിയെറിഞ്ഞതെത്രയോ
മനുജ ജന്മങ്ങൾ.
ഉണരാനുറങ്ങിയവരൊരിക്കലും
ഉണരാതുറങ്ങുന്നു.
ഉറ്റവരുയിരറ്റുപോയതറിയാതെ
ഊരാകെ തേടിനടക്കുന്നതാചിലർ
വീടില്ല, വീട്ടുകാരില്ല
തൊടിയില്ല തോട്ടമില്ല-
രുമയയ പോറ്റിയ കാലിക്കിടങ്ങളില്ല.
നാടില്ല, നാട്ടുകാരില്ല, നാട്ടുവഴികളും
മഞ്ഞുപുതച്ചമലനിരകളില്ല,
മന്ദമാരുതൻ തഴുകുന്ന താഴ്വരകളില്ല.
പുഞ്ചിരി മുറ്റങ്ങൾ കണ്ണീർപാടങ്ങളായ്.
പുഴകൾ പുതുവഴികൾ തേടി
പാലങ്ങളൊഴുകിക്കടന്നുപൊയ്.
ഒരൊറ്റരാത്രി, ഭീകര രാത്രി
കറുകറുത്തലിപികളിൽ
ചരിത്രത്തിലാലേഖിതം
എങ്കിലും
അണയാത്തൊരന്തർവെളിച്ചത്തിൽ
തിരനാളമുയരുന്നു.
തളരാത്ത മനസ്സുകൾ, ജ്വലിക്കുന്ന
ഹൃത്തുകൾ.
കണ്ണീർ തുടച്ചെറിഞ്ഞെണീക്കയായ്
കേരളം
കരയാതെ മക്കളെ, തളരാതെ മക്കളെ....
ബലിഷ്ഠബാഹുക്കൾ
ചേർത്തുപിടിക്കയായ്,
പതറാത്ത കാലടികൾ കൂടെനടക്കയായ്,
പാഴല്ല യുവത്വമെന്നോതി
സേവനോന്മത്തരായ് മലകളിറങ്ങയായ്,
കാടകങ്ങളലലുയകയാണ്.
തിരക്കയായ് എവിടെന്റെ സോദരർ,
എന്തുഞാൻ ചെയ്യണം.
കേരളം ഉണരുന്നു.
ദുരിതപെയ്തൊഴിയുമ്പോൾ
ക്യാമ്പുകൾ പിരിയുമ്പോൾ '
"ജാതിഭേദമതദ്വേഷങ്ങളേതുമില്ലാതെ"
ഉള്ളതിന്നോഹരി പങ്കുവച്ച്
വയനാടിനെ വീണ്ടെടുക്കുമ്പോൾ
ദുരിതക്കയങ്ങൾ നീന്തി നീന്തി
മറുകരയണയുമ്പോൾ
ഉണരുന്നു കേരളം.
സ്വർണ്ണാക്ഷരങ്ങളാൽ
ചരിത്രഗാഥകളെഴുതുന്നു.
ഇത് കേരളം, ഉണരുന്നു മാമലനാട് ■

# പോംപെയിലെ പരിശുദ്ധ ജപമാല രാജ്ഞിയുടെ തീർത്ഥാടന കേന്ദ്രം





**രതീഷ് ഭജനമഠം, ആലപ്പുഴ**

**പ**രിശുദ്ധ ജപമാല രാജ്ഞിയുടെ നാമത്തിലുള്ള ആഗോളസഭയിലെ ഏറ്റവും പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ് തെക്കേ ഇറ്റലിയിലെ കംപാനിയ പ്രവിശ്യയിലെ നേപിൾസ് നഗരത്തിന് അടുത്തുള്ള ഒരു തീരദേശ പട്ടണമായ പോംപെയിലെ മരിയൻ ദൈവാലയം. എ.ഡി. 79 കാലഘട്ടത്തൽ വെസൂവിയ അഗ്നിപർവ്വതം പൊട്ടിത്തെറിച്ചതിനെ തുടർന്നുണ്ടായ അതിശക്തമായ ലാവാപ്രവാഹത്താൽ പൗരാണിക റോമാസാമ്രാജ്യത്തിൽ ഏറെ പ്രാധാന്യമുണ്ടായിരുന്ന പോംപെ പ്രദേശം മുഴുവൻ ഇല്ലാതായി. അമ്പത് അടി പൊക്കത്തിലാണ് വെസൂവിയ അഗ്നിപർവ്വതത്തിൽ നിന്ന് ഉരുകി ഒലിച്ച ലാവ  പോംപെ പട്ടണത്തെ മൂടിക്കളഞ്ഞത്. ലാവയാൽ മൂടപ്പെട്ട പ്രദേശത്തിനു മുകളിലാണ് ഇന്നത്തെ പോംപെ പട്ടണം സ്ഥിതിചെയ്യുന്നത്. 1659 ൽ പോംപെ പ്രദേശത്ത് പടർന്നു പിടിച്ച മലേറിയ, പ്ലേഗ് എന്നീ പകർച്ചവ്യാധികളാൽ ഇവിടുത്തെ അനേകർക്ക് ജീവൻ നഷ്ടപ്പെട്ടു. ആദിമകാലം മുതൽ ക്രൈസ്തവ വിശ്വാസ സാന്നിദ്ധ്യമുള്ള  പ്രദേശമായിരുന്നുവെങ്കിലും പോംപെയിലെ ക്രൈസ്തവരുടെ വിശ്വാസ ജീവിതം ഏറെ മന്ദഗതിയിലായിരുന്നു. വിശ്വാസത്തിലും ധാർമ്മികതയിലും സാമൂഹികപരമായും ഇവിടുത്തെ ക്രൈസ്തവർ ഏറെ അധഃപതിച്ചിരുന്നു.

ഇറ്റലിയിലെ ബ്രന്തിസിയിൽ 1841 ഫെബ്രുവരി 10 ന് ജനിച്ച പുണ്യചരിതനായ ബെർത്തലോ ലോംഗോ ഡൊമിനിക്കൻ സന്യാസ സമൂഹത്തിൽ ചേർന്ന് സന്യാസ സഹോദരനായി. അദ്ദേഹം പ്രേഷിത പ്രവർത്തനത്തിലും സുവിശേഷ പ്രചരണത്തിലും അതിതീക്ഷണതയോടെ വ്യാപൃതനായിരുന്നു. അദ്ദേഹത്തിന്റെ അതിശക്തമായ പ്രേഷിത പ്രവർത്തനങ്ങൾ വഴിയാണ് വിശ്വാസജീവിതത്തിൽ ഏറെ അധഃപതിച്ചിരുന്ന പോംപെയിലെ ക്രൈസ്തവ സമൂഹം മാനസാന്തരപ്പെട്ട് മാതൃക ക്രൈസ്തവരായി നവീകരിക്കപ്പെട്ടത്. നേപിൾസിൽ നിന്ന് പോംപെയിൽ എത്തിയ അദ്ദേഹം വിശ്വാസപരമായും സാമൂഹികപരമായും ഏറെ മൂല്യച്യുതി സംഭവിച്ച ഒരു ക്രൈസ്തവ സമൂഹത്തെയാണ് ഇവിടെ കണ്ടത്. പോംപെയിലെ മാതാവിന്റെ നാമത്തിലുള്ള ചെറിയ ഇടവക പള്ളിയിൽ പ്രാർത്ഥനാനിരതനായിരുന്ന ബെർത്തലോ ലോംഗോ 'പോംപെയെ രക്ഷിക്കാൻ നീ ജപമാല പ്രസംഗിക്കുക' എന്ന സ്വർഗീയ ശബ്ദം ശ്രവിച്ചു. പള്ളിയിൽ നിന്ന് പുറത്തിറങ്ങിയ അദ്ദേഹം തുടർന്ന് പോംപെയിലെ ജനതയുടെ മാനസാന്തരത്തിനായി അതിതീക്ഷണമായി ജപമാല ഭക്തി പ്രചരിപ്പിക്കുവാൻ

ശ്രമിച്ചു. കൊന്ത ചൊല്ലുവാൻ അറിയാതിരുന്ന അവിടുത്തെ വിശ്വാസികളെ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ അദ്ദേഹം പഠിപ്പിച്ചു. 1873 ൽ പോംപെയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജപമാല രാജ്ഞിയുടെ തിരുനാൾ ആചരണം ആരംഭിച്ചു. നേപിൾസിൽ നിന്നും കൊണ്ടുവന്ന ജപമാല രാജ്ഞിയുടെ ഒരു ചിത്രം 1875 ൽ ഇടവക വികാരിയുടെ അനുവാദത്തോടെ അദ്ദേഹം പോംപെയിലെ ഇടവക പള്ളിയിൽ പ്രതിഷ്ഠിച്ചു. ബെർത്തലോ ലോംഗോയുടെ നേതൃത്വത്തിൽ ജപമാല ഭക്തിയിൽ വളർന്ന പോംപെയിലെ വിശ്വാസ സമൂഹം മാനസാന്തരപ്പെട്ട് വിശ്വാസത്തിൽ തീക്ഷ്ണതയുള്ളവരായി മാറി. ജപമാല ഭക്തിയിൽ ആഴമുള്ള ഭക്തിയുള്ളവരായി വളർന്ന ഇവിടുത്തെ വിശ്വാസികൾക്ക് സമൃദ്ധമായ ദൈവാനുഗ്രഹങ്ങളും അത്ഭുത സൗഖ്യങ്ങളും ലഭിച്ചു.

ബെർത്തലോ ലോംഗോ പോംപെയിൽ ആരംഭിച്ച ജപമാല ഭക്തി വഴി അനേകർക്ക് മാനസാന്തരങ്ങളും സ്വർഗീയ അനുഗ്രഹങ്ങളും രോഗസൗഖ്യവും സമാധാനവും ലഭിച്ചു. അതിൽ ഏറെ പ്രധാനപ്പെട്ടതാണ് അതീവ ഗുരുതരാവസ്ഥയിലുള്ള രോഗബാധിതയായിരുന്ന ഫോർത്തുണ അഗ്രില്ലി എന്ന പെൺകുട്ടിക്കു ലഭിച്ച അത്ഭുത സൗഖ്യം. നേപിൾസ് സ്വദേശിനിയായ 12 വയസ്സുള്ള ഫോർത്തുണ അഗ്രില്ലി ഗുരുതരമായ രോഗബാധിതയായി മരണാവസ്ഥയിലായിരുന്നു. അവളും മാതാപിതാക്കളും രോഗസൗഖ്യത്തിനായി ജപമാല അർപ്പിച്ച് പരിശുദ്ധ കന്യകാമറിയത്തോട് തീക്ഷണതയോടെ മാദ്ധ്യസ്ഥം യാചിച്ചിരുന്നു. തുടർന്ന് ആഴമായ വിശ്വാസത്തോടെ പ്രാർത്ഥിച്ചിരുന്ന ഫോർത്തുണ അഗ്രില്ലിക്ക് 1884 മാർച്ച് 3 ന് പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട് അത്ഭുത രോഗസൗഖ്യം നൽകി അനുഗ്രഹിച്ചു. ഉണ്ണീശോയെ ഒരു കയ്യിൽ പിടിച്ചുകൊണ്ട് ഒരു ഉയർന്ന പീഠത്തിൽ ഇരുന്നുകൊണ്ടാണ് പരിശുദ്ധ കന്യകാമറിയം ദർശനം നൽകിയത്. പീഠത്തിനു താഴെ ഇടതുഭാഗത്ത് നിന്നിരുന്ന വിശുദ്ധ ഡൊമിനിക്കിന് ഉണ്ണീശോയും വലതുവശത്തു നിന്നിരുന്ന വിയന്നായിലെ വി. കാതറിന് പരിശുദ്ധ മറിയവും ജപമാല നൽകുന്നതായിട്ടാണ് അവൾ ദർശനത്തിൽ കണ്ടത്. ഫോർത്തുണ അഗ്രില്ലിക്ക് ലഭിച്ച ദർശനത്തിൽ ലഭിച്ച മരിയൻ രൂപമാണ് ജപമാല രാജ്ഞിയുടെ തിരുരൂപമായി ആഗോളതലത്തിൽ പ്രസിദ്ധമായത്.

1891 ൽ പോംപെയിലെ ബസിലിക്ക ദൈവാലയം പുനർ നിർമ്മിച്ചപ്പോൾ പ്രധാന അൾത്താരയിൽ പ്രതിഷ്ഠിച്ചത് ഫോർത്തുണ അഗ്രില്ലിക്ക് പ്രത്യക്ഷപ്പെട്ട പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുചിത്രമാണ്. ഈ മരിയൻ ചിത്രത്തിന് ആറാം നൂറ്റാണ്ടിലെ പൗരസ്ത്യ എക്കണോഗ്രാഫിയുമായി ഏറെ സാമ്യമുള്ളതായാണ് ചരിത്രകാരന്മാരുടെ സാക്ഷ്യം. ബെർത്തലോ ലോംഗോയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഈ തീർത്ഥാടന കേന്ദ്രത്തിന്റെ പണിപൂർത്തിയാക്കാൻ പാവപ്പെട്ട ജനങ്ങൾ ഉൾപ്പെടെയുള്ള അനേകരിൽ നിന്ന് അത്ഭുതകരമായി സഹായങ്ങൾ ലഭിച്ചു. 1965 ലും ഈ ബസിലിക്ക പുനർനിർമ്മിച്ചു. രണ്ടാം നൂറ്റാണ്ടിൽ പുരാതന റോമാക്കാർ പോംപെയിൽ നിർമ്മിച്ച ദൈവാലയത്തിന്റെ സ്ഥാനത്തു തന്നെയാണ് ഇപ്പോഴത്തെ ബസിലിക്ക പള്ളിയും സ്ഥിതിചെയ്യുന്നത്. ആഗോളസഭയിലെ പ്രധാന മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ഈ ബസിലിക്കാ പള്ളിയിൽ ദിവസേന പതിനായിരക്കണക്കിന് ഭക്തജനങ്ങളാണ് തീർത്ഥാടകരായി എത്തുന്നത്. മെയ് 8 നാണ് പോംപെയിലെ ജപമാല രാജ്ഞിയുടെ തിരുനാൾ സമുചിതമായി ആചരിക്കുന്നത്. ഒക്ടോബർ 7 നുള്ള ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ ഈ പള്ളിയിൽ ലക്ഷക്കണക്കിന് തീർത്ഥാടകരാണ് എത്തുന്നത്.

ജപമാല ഭക്തിയുടെ തീക്ഷണതയുള്ള പ്രേഷിതനായ ബെർത്തലോ ലോംഗോ നേപിൾസിൽ വച്ച് 1926 ഒക്ടോബർ 5 ന്




ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു

അപ്പ. പ്രവർത്തനം 1:14

ദിവംഗതനായി. ആ പുണ്യചരിതന്റെ ഭൗതിക ശരീരം പോംപെയിലെ ജപമാല രാജ്ഞിയുടെ ബസിലിക്കാ ദൈവാലയത്തിന്റെ അൾത്താരയ്ക്ക് താഴെയായി സംസ്കരിച്ചു. ആ പാവനചരിതന്റെ അഴുകാത്ത ശരീരം പോംപെയിൽ എത്തുന്ന തീർത്ഥാടകർക്ക് കാണുവാൻ സാധിക്കും. തീക്ഷണമായ വിശ്വാസജീവിതം നയിച്ച ജപമാല ഭക്തിയുടെ വലിയ പ്രചാരകനായ ബെർത്തലോ ലോംഗോയുടെ നാമകരണ നടപടികൾ തിരുസഭ ഔദ്യോഗികമായി ആരംഭിച്ച് 1980 ഒക്ടോബർ 26 ന് വി. ജോൺപോൾ രണ്ടാമൻ പാപ്പാ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുകയും 'ജപമാലയുടെ അപ്പസ്തോലൻ' എന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

ആഗോളസഭയിലെ പല പോപ്പുമാരും പോംപെയിലെ ബസിലിക്ക സന്ദർശിച്ച് പ്രാർത്ഥിച്ചിട്ടുണ്ട്. വി. ജോൺപോൾ രണ്ടാമൻ സഭാഭരണം ഏറ്റെടുത്ത ശേഷം 1979 ഒക്ടോബർ 21 നും 2002-2003 ൽ ആചരിച്ച ജപമാല വർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് 2003 ഒക്ടോബർ 7 നും പോംപെയിലെ ദൈവാലയത്തിൽ എത്തിച്ചേർന്നു പ്രാർത്ഥിച്ചു. 'സാർവ്വത്രിക സഭയിലെ ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും' എന്ന വിഷയത്തിൽ 2008 ഒക്ടോബർ 5 മുതൽ 26 വരെ നടന്ന മെത്രാന്മാരുടെ സിനഡിനിടയിൽ ഒക്ടോബർ 19 ന് ബെനഡിക്ട് 16-ാമൻ പാപ്പാ പോംപെയിലെ മരിയൻ തീർത്ഥാടന കേന്ദ്രം സന്ദർശിച്ച് സിനഡിന്റെ വിജയത്തിനായും കുടുംബ സമാധാനത്തിനായും ദമ്പതികൾക്കായും പ്രാർത്ഥിച്ചു. വാഴ്ത്തപ്പെട്ട ബെർത്തലോ ലോംഗോ രചിച്ച മരിയൻ പ്രാർത്ഥന ഈ സന്ദർശനാവസരത്തിൽ ബെനഡിക്ട് പാപ്പാ അർപ്പിച്ചു.

■









# മുണ്ടൻ പറുങ്കി



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**'ഹോർത്തൂസ് വായന'** എന്ന പേരിൽ മലയാള മനോരമയുടെ ആഭിമുഖ്യത്തിൽ ചിറ്റാറ്റുകരയിൽ വച്ച് നടന്ന, സലിം കുമാറിന്റെ 'ഈശ്വര വഴക്കില്ലല്ലോ' എന്ന പുസ്തകത്തിന്റെ ചർച്ചയിൽ വച്ച് ഫ്രാൻസിസ് നൊറോണയുടെ പ്രഭാഷണം കേൾക്കുവോളം ഞാൻ ഇയാളുടെ നോവലുകൾ ഒന്നും വായിച്ചിരുന്നില്ല. ഈ എഴുത്തുകാരന്റെ നോവലുകൾ പലകുറി എന്റെ കയ്യിൽ തടഞ്ഞതാണ്. എന്നാൽ വായിക്കാതിരുന്നത് മനപ്പൂർവ്വം ആയിരുന്നു. കാരണം ക്രിസ്തീയ പരിസരങ്ങളെ ആധാരമാക്കിയുള്ള എഴുത്താണ് ഫ്രാൻസിസ് നൊറോണയുടെ നോവലുകളിൽ നിറഞ്ഞ നിന്നിരുന്നത് എന്ന് നേരത്തെ തന്നെ ഞാൻ മനസ്സിലാക്കിയിരുന്നു. പരിചയമുള്ള ഇടങ്ങളെ മുൻനിർത്തിയുള്ള എഴുത്തുകൾ വീണ്ടും വീണ്ടും വായിക്കുന്ന ചെടിപ്പ് ഒഴിവാക്കാനാണ് ഫ്രാൻസിസ് നൊറോണയെ സൗകര്യപൂർവ്വം ഒഴിവാക്കിയത്. എന്നാൽ **'മുണ്ടൻ പറുങ്കി'** വായിക്കാൻ തുടങ്ങിയപ്പോഴാണ് എന്റെ മുൻധാരണകൾ തെറ്റായിരുന്നു എന്ന് മനസ്സിലായത്.

2020 ഫെബ്രുവരിയിൽ മനോരമ ബുക്സ് ആണ് മുണ്ടൻ പറുങ്കി പുറത്തിറക്കിയത്. 2022ൽ അത് രണ്ടാം എഡിഷൻ ആയി. 136 പേജുകൾ ഉണ്ട്. വില 180 രൂപ. പുസ്തകത്തിനുള്ളിലെ ചിത്രീകരണങ്ങൾ തയ്യാറാക്കിയിട്ടുള്ളത് ബാര ഭാസ്കരനാണ്. നടച്ചാല്, ഡെലിവേഡ് ബോയ്, സേഫ്, മുണ്ടൻ പറുങ്കി, മമ്മാഞ്ഞി, മറ, ഉടലുയിർ, കെട്ടുതെങ്ങും പിടിയരിയും, ലന്തപോർക്ക്, മുറിവെഴുത്ത് എന്നിങ്ങനെ 9 അധ്യായങ്ങൾ.

ജീവിതാനുഭവങ്ങളുടെ നോവുകളിൽ നിന്നാണ് മുണ്ടൻ പറുങ്കി എന്ന ഈ രചനയുടെ പിറവി. നടച്ചാല് എന്ന ആദ്യ അധ്യായത്തിലാണ് ഈ പേരിന് ആധാരമായ സംഭവം. നൊറോണ വിവരിക്കുന്നത് 'എന്റെ അപ്പന്റേം അമ്മേടേം കല്യാണം കൊച്ചിയിലെ സാന്താ ക്രൂസ് പള്ളിയിൽ വച്ചായിരുന്നു. വീട്ടിലെ വേലി കെട്ടിത്തീർതേച്ച് ആലപ്പുഴയിൽ നിന്ന് വൈകീട്ടുള്ള ബോട്ടിനാണ് മണവാളൻ ചെക്കനും കൂട്ടരും ഫോർട്ട് കൊച്ചിയിലേക്ക് പുറപ്പെട്ടത്.



*അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.*
യോഹന്നാൻ 2:5

രാത്രി വെട്ടത്തിൽ കായൽ തുരുത്തുകൾ എല്ലാം വലം വച്ച് നീങ്ങിയ ബോട്ട് എറണാകുളം ജെട്ടിയിൽ അടുക്കുമ്പോഴേക്കും നേരം വെളുത്തിരുന്നു. ഉറക്കപ്പിച്ചോടെ പല്ലും മോറും കഴുകി ബോട്ടിന്റെ ജാലിയിൽ നിന്നുതന്നെ അപ്പൻ മണവാളന്റെ മുണ്ടും ഷർട്ടുമുടുത്തു. 'കാൽ സിറായി ഇല്ലെടാ മുണ്ടൻ പറങ്കി വാടകയ്ക്ക് എങ്കിലും നിനക്കു ഒരെണ്ണം വാങ്ങിക്കൂടെ' എന്നെല്ലാം ചോദിച്ചു ഒപ്പം ഉണ്ടായിരുന്നവർ അപ്പനെ കളിയാക്കി.'

ആഖ്യാന തന്ത്രങ്ങളുടെ അമിതഭാരമോ പദാവലികളുടെ പ്രയോഗശേഷിയോ പ്രകടിപ്പിക്കാത്ത ലളിതമായ ഭാഷയാണ് ഈ രചനയെ ശ്രദ്ധേയമാക്കുന്നത്. അതിനാൽ തന്നെ തട്ടും തടവുമില്ലാതെ ഒറ്റയിരുപ്പിൽ വായിച്ചു പോകുവാൻ സാധിക്കുന്നു. ഈ കൃതിയുടെ ആദ്യ ഭാഗങ്ങളിൽ എഴുത്തുകാരന്റെ ജീവിതാനുഭവമാണ് അയാൾ പകർത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നത് പല മനുഷ്യരും കടന്നുവരുന്ന രചന ആയതുകൊണ്ട്, അവരെ വേദനിപ്പിക്കാൻ മനസ്സില്ലാത്തതുകൊണ്ട് അനുഭവങ്ങളെ പൂർണ്ണമായും ഈ രചനയിൽ പകർത്തുവാൻ സാധിച്ചിട്ടില്ല. സ്വന്തം അനുഭവങ്ങളെ വളരെ തീക്ഷണമായി അവതരിപ്പിക്കുന്ന ആഖ്യാന ശൈലിയുടെതായ 5 അധ്യായങ്ങൾക്ക് ശേഷം പിന്നീട് ഈ രചനയിൽ ചേർത്തിരിക്കുന്നത് നാടിന്റെ ചില ചരിത്ര വിശേഷങ്ങളാണ്. അത് കുറെയൊക്കെ സ്ഥിതി വിവരണങ്ങളിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതുകൊണ്ട് വായനയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു.



എഴുത്ത് ഒരു പീഡാനുഭവമോ വേദനയോ ആയി മാറാറുണ്ടെന്ന് പല എഴുത്തുകാരും സൂചിപ്പിച്ചിട്ടുണ്ട്. നുറോണയുടെ എഴുത്തു ജീവിതവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. അയാളുടെ തന്നെ വാക്കുകളെ എടുത്ത് എഴുതിക്കൊണ്ട് ഈ കുറിപ്പ് ചുരുക്കട്ടെ.

'പഠനത്തിന്റെ ഇടവേളയിൽ അപ്പന്റെ പേനയെടുത്ത് മകൾ ചിലതെല്ലാം കുറിക്കുന്നുണ്ട്. അവളുടെ വാക്കുകൾ എന്നെ പൊള്ളിക്കുന്നുമുണ്ട്. നാളെ ഈ വഴി എന്റെ മകളും... എനിക്കറിയില്ല. എഴുതല്ലേ എന്ന് പ്രാർത്ഥിച്ചു പോകും. എന്റെ ദുരിതങ്ങൾക്ക് ഒരു തുടർച്ച ഉണ്ടാകാതിരിക്കട്ടെ. സ്വസ്ഥതയോടെ ഉറങ്ങിയിട്ട് കാലമേറെയായി. നുറുങ്ങിയ ചങ്കിൽ കത്തി കയറുന്നതു പോലെയാണ് എഴുത്ത്. രാത്രിയുറക്കത്തെ കടമെടുത്ത് അതെന്റെ ഓരോ അസ്ഥിയെയും പൊടിക്കുന്നുണ്ട്. നെഞ്ചിൻകുമ്പും വാരിപ്പറ്റുമൊക്കെ വലിഞ്ഞു മുറുകുന്ന ജാഗരണ രാത്രികളിൽ മേശപ്പുറവും കടലാസും പേനയും ഒക്കെ ചേർന്ന് ഉലച്ച കൊച്ചുജീവിതമിങ്ങനെ...

■

# അഹങ്കാരവും വിനയവും



സംഗീത




അഹങ്കാരം ഒരു തരം
അജ്ഞതയാണ്
ദൈവീക രശ്മി
പ്രതിഫലിക്കുമ്പോൾ
അകന്നു പോകുന്ന
ഇരുട്ട് പോലെ....

തന്നതും തരുന്നതും
തരുവാൻ ഇരിക്കുന്നതും
തമ്പുരാൻ തന്നെയെന്ന്
തിരിച്ചറിയുമ്പോൾ
താഴ്ന്നു പോകുന്നൊരു
തിന്മപോലെ....

വിനയം അഹങ്കാരത്തെ
തോൽപ്പിക്കുമ്പോഴാണ്
ആത്മാവ് സത്യത്തിൽ
സ്വതന്ത്രമാകുന്നത്.

എളിമ ഒരിക്കലും
ദുർബലതയല്ല.
തിരിച്ചറിവിൽ നിന്ന് ജനിക്കുന്ന
വൻശക്തിയാണ്.


അഹങ്കാരം പരസ്പരം
ഭിന്നിപ്പിക്കുമ്പോൾ
വിനയം പരസ്പരം
ബന്ധിപ്പിക്കുന്നു.

എന്നിരുന്നാലും,
എത്രയോ പ്രാവശ്യം
ആത്മവിശ്വാസം അഹങ്കരമായി
തെറ്റിദ്ധരിക്കപ്പെടാറുണ്ട്...



ദൂതൻ അവ ളുടെ അടുത്തുവന്നു പറഞ്ഞു.
ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!
ലൂക്കാ 1 : 28

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...




# യുവജന മതബോധന ഗ്രന്ഥം 'യുക്യാറ്റ്'



അനി ജോസഫ്, കൂട്ടുകാട്

**ക**ത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ ചുവടുപിടിച്ച് തയ്യാറാക്കിയതാണ് **യുക്യാറ്റ്** അഥവാ **യുവജന മതബോധന ഗ്രന്ഥം**. ബെനഡിക്ട് പതിനാറാമൻ പാപ്പയുടെ ആമുഖത്തോടെയാണ് യുക്യാറ്റ് ആരംഭിക്കുന്നത്. ഒരു അസാധാരണ ഗ്രന്ഥം യുവജനങ്ങളായ നിങ്ങൾക്ക് ഞാൻ പരിചയപ്പെടുത്തുന്നു എന്നാണ് പാപ്പ ഇതിലെ ആരംഭത്തിൽ പറയുന്നത്. മാറുന്ന ഈ കാലഘട്ടത്തിൽ സഭയുടെ വിശ്വാസ സത്യങ്ങളെ യുവജനങ്ങളുടെ ഭാഷയിൽ അവരുമായി എളുപ്പം സംവദിക്കാവുന്ന രീതിയിൽ ചോദ്യോത്തര രൂപത്തിലാക്കിയാണ് ഈ ഗ്രന്ഥം രചയിതമായത്. റോമിലും ശേഷം ലോകത്തിൻെറ വിവിധ ഭാഗങ്ങളിലും വച്ചു നടന്ന ലോക യുവജന സമ്മേളനങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് യുവജന പ്രതിനിധികൾ ഒത്തുചേർന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്ന, ദൈവത്തിനായി ദാഹിക്കുന്ന ഈ യുവാക്കളെ കണ്ടപ്പോൾ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം അവർക്ക് അവരുടെ ഭാഷകളിലേക്ക് ലളിതമായി മനസ്സിലാവുന്ന തരത്തിലുള്ള യുവജന മതബോധന ഗ്രന്ഥം രചിക്കുവാൻ **കാറ്റിക്കിസം ഓഫ് ദി കാത്തലിക് ചർച്ച് (ccc) ന്റെ അസിസ്റ്റന്റ് എഡിറ്ററായിരുന്ന ഓസ്ട്രിയായിലെ വിയന്ന അതിരൂപതയുടെ മെത്രാപ്പോലീത്തയായ കർദിനാൾ ക്രിസ്റ്റഫർ ഷോൺബോണിനെ അന്നത്തെ പാപ്പയായിരുന്ന ബെനഡിക്റ്റ് പതിനാറാമൻ ചുമതലപ്പെടുത്തി.**

തുടർന്ന് 2011 മാർച്ച് 25-ാം തീയതി മംഗളവാർത്ത തിരുനാൾ ദിനത്തിൽ പോപ്പ് ബെനഡിക്ട് പതിനാറാമൻ ഈ ഗ്രന്ഥം ഔദ്യോഗികമായി പ്രകാശനം ചെയ്തു. ഈ ഗ്രന്ഥത്തിന്റെ ആദ്യ പ്രസിദ്ധീകരണം ജർമ്മൻ ഭാഷയിലായിരുന്നു. **2011 ഓഗസ്റ്റ് 16 മുതൽ 21 വരെ സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ** വച്ച് നടന്ന അന്തർദേശീയ യുവജന സമ്മേളനത്തിൽ പങ്കെടുത്ത 20 ലക്ഷത്തിലധികം വരുന്ന യുവജനങ്ങൾക്ക് **ചൈനീസ്, അറബി ഉൾപ്പെടെ 25 ഓളം ഭാഷകളിലായി** പരിശുദ്ധ പിതാവിന്റെ സമ്മാനമായി ഈ യുവജന മതബോധന ഗ്രന്ഥം നൽകിയിരുന്നു. ഇപ്പോൾ ഏകദേശം നാൽപ്പതിലധികം ഭാഷകളിൽ യുക്യാറ്റ് ലഭ്യമാണ്.

**എന്താണ് നാം വിശ്വസിക്കുന്നത്? നാം എങ്ങനെ ക്രൈസ്തവ രഹസ്യങ്ങൾ ആഘോഷിക്കുന്നു? നമുക്ക് എങ്ങനെയാണ് ക്രിസ്തുവിലുള്ള ജീവിതമുണ്ടായിരിക്കേണ്ടത്? നമുക്ക് എങ്ങനെ പ്രാർത്ഥിക്കാം? എന്നിങ്ങനെ 4 അധ്യായങ്ങളായി 527 ചോദ്യങ്ങൾ** ആയാണ് ഈ ഗ്രന്ഥം പൂർത്തിയാക്കിയിരിക്കുന്നത്. യൂക്യാറ്റ് എന്ന ഈ യുവജന മതബോധന ഗ്രന്ഥം നമ്മുടെ യുവജന വിശ്വാസ പരിശീലനത്തിൽ യുവാക്കൾക്ക് വിശ്വാസ ദീപവും കൈപ്പുസ്തകവുമായി മാറട്ടെ. ഈ ഗ്രന്ഥം കൂടുതൽ വായിക്കുവാനും പഠിക്കുവാനും അവരെ സജ്ജരാക്കാം. ■



# അയൽക്കൂട്ടം

ഫിലിപ്പി 3:13-14

# പ്രത്യാശയുടെ ആകാശങ്ങളിലേക്ക്



ഫാ. തോംസൺ ആന്റണി കാവാലംകുഴി

**ദൈ**വകൃപയുടെ ഉറവകൾ തുറന്നുകൊണ്ട് പ്രത്യാശയുടെ ജൂബിലി വർഷത്തിന് ആരംഭം കുറിക്കുകയാണ് ഫ്രാൻസിസ് പാപ്പാ. ഇക്കഴിഞ്ഞ കർത്താവിന്റെ സ്വർഗാരോഹണ തിരുനാൾ ദിനത്തിൽ, പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (SPES non Confundit) എന്ന തിരുവെഴുത്തിലൂടെ ജൂബിലി വർഷത്തിലെ കൃപയുടെ സമൃദ്ധിയെക്കുറിച്ച് വിവരിച്ചുകൊണ്ട് പാപ്പ ആമുഖത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്, "വരും ദിനങ്ങൾ ദൈവിക പ്രത്യാശയിൽ നവീകരിക്കപ്പെടാനുള്ള അവസരങ്ങളാകട്ടെ, നമ്മുടെ ഹൃദയത്തിൽ കുടികൊള്ളുന്ന പ്രത്യാശയുടെ ചൈതന്യം നന്മനിറഞ്ഞ ഒരു നാളെയെ മുന്നിൽ കണ്ടുകൊണ്ട് യാത്രചെയ്യാൻ നമ്മെ പ്രാപ്തരാക്കട്ടെ." യുദ്ധഭേരിയുടെയും രോഗഭീതിയുടെയും ജീവിത വഴികളിൽ തളർന്നിരിക്കാതെ പ്രത്യാശയുടെ ആകാശങ്ങളിലേക്ക് ചിറകുവിരിക്കാൻ ജൂബിലി വർഷം മനുഷ്യരാശിയെ സഹായിക്കുമെന്ന ഉറച്ച ബോധ്യത്തോടെയാണ് ഡിസംബർ 24 ന് വി. പത്രോസിന്റെ ബസിലിക്കാ കവാടങ്ങൾ തുറന്ന് പ്രത്യാശയുടെ ജൂബിലി വർഷത്തിന് പാപ്പ ആരംഭം കുറിക്കുന്നത്. വരപ്രസാദം നിറഞ്ഞ ഈ പുണ്യദിനങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ തിരുവചനത്തിന്റെ ബലം നമ്മുടെ തീർത്ഥാടന വഴികളിൽ കരുത്താകട്ടെ. "നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്നവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം" (ഹെബ്രായർ 10 : 23). പ്രത്യാശയുടെ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തെ പോഷിപ്പിക്കുന്ന പ്രത്യാശയുടെ മൂന്ന് ഉറവിടങ്ങളെക്കുറിച്ച് ഈ ദിനങ്ങളിൽ ധ്യാനിക്കാം. ഉറവിടങ്ങളിൽ നിന്ന് കൃപകൾ സ്വീകരിച്ച് ഈ തീർത്ഥയാത്രയ്ക്ക് നമ്മെ സജ്ജരാക്കാം.

## യേശുക്രിസ്തു - പ്രത്യാശയുടെ അടിസ്ഥാനം

ക്രിസ്തുവാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. ഫിലിപ്പിയക്കാർക്ക് എഴുതിയ ലേഖനം 3-ാം അദ്ധ്യായം 12-ാം വാക്യം ഇപ്രകാരമാണ്, "യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു." പൗലോസ് ശ്ലീഹ 13-ാം വാക്യത്തിൽ വീണ്ടും എഴുതുന്നു, "ഞാൻ ക്രിസ്തുവിന്റെ സ്വന്തമായതിനാൽ എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു." പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്ന തിരുവെഴുത്തിൽ ഫ്രാൻസിസ് പാപ്പ ഇതുതന്നെയാണ് നമ്മെ പഠിപ്പിക്കുക. ക്രിസ്തുവിന്റെ മരണവും മൂന്നാം ദിനത്തിലെ അവിടുത്തെ ഉത്ഥാനവുമാണ് ക്രൈസ്തവ പ്രത്യാശയുടെ അടിസ്ഥാനം."

എന്റെ പ്രത്യാശയുടെ ആഴവും വ്യാപ്തിയും നിർണ്ണയിക്കുന്നത് ഞാനും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢതയാണ്. നാം എത്രമാത്രം ക്രിസ്തുവിലേക്ക് വളർന്നിറങ്ങുന്നുവോ, അത്രമേൽ തെളിമയുള്ളതാകും നമ്മുടെ വ്യക്തിജീവിതങ്ങൾ. ഞാൻ ഈശോയുടെ സ്വന്തമാണ് എന്ന ഒരൊറ്റ ചിന്തയായിരിക്കും നിരാശയുടെ ഏതു കൂരിരുളിലേക്കും ആത്മവിശ്വാസത്തോടെ ചുവടുകൾ വയ്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. "എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയില്ല" (ഏശയ്യ 40:31). ജൂബിലി വർഷം ഈശോയുടെ സ്നേഹം അനുഭവിക്കാനുള്ള അവസരമാകട്ടെ, അവിടുത്തെ മുറിഞ്ഞ മാറിലേക്ക് ചേർന്നു നിന്ന് പ്രത്യാശയുടെ ആകാശങ്ങളിലേക്ക് നമുക്ക് ചിറകുവിരിക്കാം.

## കുടുംബം – പ്രത്യാശയുടെ പാഠശാല

ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ സ്നേഹത്തിന്റെ ആനന്ദത്തിൽ (Amoris Laetitia) "കൃപകളുടെ വിളനിലം" എന്നാണ് കുടുംബത്തെ പാപ്പ അഭിസംബോധന ചെയ്യുന്നത്; ദൈവം ഭൂമിയിൽ സൃഷ്ടിച്ച ഏറ്റവും സുന്ദരമായ സൃഷ്ടികളിൽ പ്രധാനപ്പെട്ടത് കുടുംബമാണെന്ന് പാപ്പ പഠിപ്പിക്കുന്നു. ഒരു മനുഷ്യൻ അവന്റെ സാദ്ധ്യതകളിലേക്ക് മിഴിതുറക്കുന്നത് കുടുംബം എന്ന പാഠശാല നൽകുന്ന ശക്തിയിൽ നിന്നാണ്. മാതാപിതാക്കളിൽ നിന്നും സ്വീകരിച്ച പ്രത്യാശ, കൂദാശകളിലൂടെ സ്ഥിരീകരിക്കപ്പെട്ട്, സഭയിൽ ശക്തമാക്കപ്പെടുന്നത് കുടുംബം എന്ന ദൈവത്തിന്റെ പരിപാലനയിലാണ്. ഓരോ വീഴ്ചയും പുതിയ ഉയർച്ചകളുടെ ആരംഭമാണെന്ന് നാം പഠിക്കുന്ന പ്രത്യാശയുടെ പാഠശാലയാണ് കുടുംബം. സായാഹ്നങ്ങളിൽ നാം ഒരുമിച്ചിരുന്ന് നമ്മുടെ ഭവനങ്ങളിൽ ചൊല്ലിയ ജപമാലയും കുരിശുവരയുമാണ് അനുദിന



ജീവിതത്തിലെ വലിയ വെല്ലുവിളികളെ നിർഭയമായി നേരിടാൻ നമ്മെ ശക്തരാക്കുന്നത് എന്ന തിരിച്ചറിവിലേക്ക് നാം ഉണരണം. ഇന്നത്തെ തലമുറയിലെ ആത്മീയ അപചയത്തിനും വൈകാരിക ഭീരുത്വത്തിനും കാരണം ക്രിസ്തുവെന്ന പ്രതീക്ഷയുടെ പാറയിൽ നമ്മുടെ കുടുംബങ്ങളെ നാം അടിസ്ഥാനമിടാത്തതിലാണ്. ക്രിസ്തുസാന്നിദ്ധ്യമുള്ള ഭവനങ്ങൾ പ്രത്യാശയുടെ പാഠശാലകളാണ്. നിരാശയുടെ ഏതു കാർമേഘങ്ങളെയും വീശിയെറിഞ്ഞ് കൃപയുടെ ഭവനത്തിലെത്താൻ നമ്മെ ഒരുക്കുന്ന പാഠശാലകൾ. 2024-ാം ആണ്ടിലെ ജൂബിലി വർഷത്തിന് ഒരുക്കമായുള്ള പ്രാർത്ഥനയുടെ വർഷമായി പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്; നമ്മുടെ കുടുംബങ്ങളിലെ പ്രാർത്ഥനാവിളക്കുകൾ അണഞ്ഞതാണെങ്കിൽ, അവ ഒന്നുകൂടി സ്നേഹത്തോടെ തെളിയിക്കാം. കൂദാശ സ്വീകരണത്തിൽ നാം അലംഭാവം കാണിക്കുന്നെങ്കിൽ, കൂടുതൽ തീക്ഷണമായി നമുക്ക് ഈശോയെ സ്നേഹിക്കാം. നമ്മുടെ കുടുംബ ബന്ധത്തിൽ കൂടുതൽ വിശ്വസ്തരാകാം. അപരന്റെ കുറവുകൾ സ്നേഹത്തോടെ പൊറുത്ത്, കൂടുതൽ ഒരുക്കത്തോടെ ദൈവിക കൃപകൾക്ക് അർഹരാകാം.

## കൂട്ടായ്മ - പ്രത്യാശയുടെ സമൃദ്ധി

ഓരോ ക്രൈസ്തവനും ആത്യന്തികമായി നിത്യതയിലേക്കുള്ള തീർത്ഥാടനത്തിലാണല്ലോ. പക്ഷേ, ഈ യാത്രയിൽ നാം തനിച്ചല്ല മറിച്ച് ഒരു കൂട്ടായ്മയുടെ തീർത്ഥവഴിയിലാണ് നാം. വാഗ്ദത്തദേശം തേടിയുള്ള ഇസ്രായേല്യരുടെ പുറപ്പാടനുഭവംപോലെ, കാഹളനാദത്തോടെ ജോഷ്യയുടെ നേതൃത്വത്തിൽ ജെറീക്കോ പട്ടണത്തിനു ചുറ്റും വലംവച്ച് കീഴടക്കിയ ദൈവജനത്തിന്റെ ഒരുമയുടെ ഇണക്കം പോലെ; ഒരു കുടുംബമായി അല്ലെങ്കിൽ ഒരു ഇടവകയായാണ് നാം പ്രത്യാശയുടെ ഭൂമികയിലേക്ക് പ്രവേശിക്കുന്നത്. പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നതുപോലെ, പരസ്പരം പഠിപ്പിച്ച്, ഉപദേശിച്ച്, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങൾ പാടുവിൻ" (കൊളോസോസേ 3:16) ഒരു മനമോടെ മുന്നേറുമ്പോൾ നമ്മുടെ കൂട്ടായ്മകളിൽ ആത്മാവിന്റെ വരപ്രസാദങ്ങൾ ഉണ്ടാകും. പ്രത്യാശയുടെ സമൃദ്ധിയിൽ നാം അഭിഷേകം ചെയ്യപ്പെടും. "ഇരുമ്പ് ഇരുമ്പിനു മൂർച്ച കൂട്ടുന്നതുപോലെ, മനുഷ്യൻ അവന്റെ ചിന്തയ്ക്ക് മൂർച്ച കൂട്ടുന്നു" (സുഭാ 7:17). നാം ക്രിസ്തുവിന്റെ സ്വന്തമാകയാൽ പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ ഒരുമനസ്സോടെ ക്രിസ്തുവിന്റെ പിന്നാലെ നമുക്ക് അണിചേരാം.

**ചർച്ചയ്ക്ക്:**

1. *യേശുക്രിസ്തുവാണ് എന്റെ പ്രത്യാശയുടെ അടിസ്ഥാനം എന്ന് നാം വിശ്വസിക്കുന്നുണ്ടോ? എപ്രകാരം ക്രിസ്തുവുമായുള്ള ബന്ധത്തിൽ നമുക്ക് അനുദിനം വളരാം?*
2. *നമ്മുടെ കുടുംബങ്ങളെ എങ്ങനെ വിശ്വാസ തീക്ഷണതയിൽ രൂപീകരിക്കാം? നമ്മുടെ സന്ധ്യാപ്രാർത്ഥനകളും കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും ഐക്യവും നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും ആത്മീയ ജീവിതത്തിൽ ആഴപ്പെടുത്തുന്നില്ലേ?*
3. *നമ്മുടെ കൂട്ടായ്മയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം എപ്രകാരം ശക്തിപ്പെടുത്താം?*

**പ്രവർത്തനത്തിന്:**

1. *ഈശോയെ കൂടുതൽ അറിയാൻ കുടുംബങ്ങളിൽ ബൈബിൾ പാരായണം ദിവസേന നടത്താം.*
2. *നമ്മുടെ സന്ധ്യാപ്രാർത്ഥനകൾക്ക് മുടക്കം വന്നിട്ടുണ്ടെങ്കിൽ കൂടുതൽ സ്നേഹത്തോടെ പുനരാരംഭിക്കാം.*



മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.

ലൂക്കാ 1:38

# രൂപത വാർത്തകൾ

## വയനാട് ദുരിതാശ്വാസ ഫണ്ട് കൈമാറി



വയനാട് മേഖലയിലുണ്ടായ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഓണാഘോഷവും മറ്റു പരിപാടികളും വേണ്ടന്ന് വെച്ച് കോട്ടപ്പുറം-കോട്ട ടേണിംങ് പോയിന്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദുരിത മേഖലയിലേക്ക് നൽകുവാനായി 1,52,000/- രൂപ കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന് കത്തീഡ്രൽ വികാരി റവ ഫാ. ജാക്സൺ വലിയപറമ്പിലിന്റെ സാന്നിദ്ധ്യത്തിൽ കൈമാറി.



**പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിന് ഹൈബി ഈഡൻ എം.പി. യുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച സ്കൂൾ ബസ് കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. അബ്രോസ് പുത്തൻവീട്ടിൽ ഫ്ളാഗ് ഓഫ് ചെയ്തതിനു ശേഷം ഹൈബി ഈഡൻ എം.പി. ആദ്യ യാത്ര നടത്തിയപ്പോൾ.**

# സാൻജോ മീറ്റ്




കോട്ടപ്പുറം രൂപതയിലെ ഇടവകകളിലെ ദമ്പതികൾക്കുവേണ്ടി നടത്തുന്ന ട്രെയിനിങ് പ്രോഗ്രാം (SANJO MEET) ഹോളി ഫാമിലി മുനമ്പം ഇടവകയിലും മനഞ്ചേരിക്കുന്ന് സെന്റ് പോൾസ് ഇടവകയിലും കീഴുപ്പാടം സൽബുദ്ധിമാതാ ഇടവകയിലും നടത്തപ്പെട്ടു. വിവിധ ഇടവകളിൽ വികാരിമാരായ റവ. ഫാ. ജോൺസൺ റോച്ച, റവ. ഫാ. ഷാജു കുരിശിങ്കൽ, റവ. ഫാ. ആന്റണി ചില്ലിട്ടശ്ശേരി എന്നിവർ SANJO MEET ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി സാൻജോ മീറ്റിന് ആമുഖം നൽകി. രൂപതയിൽ നിന്നുള്ള റിസോഴ്സ് ടീമംഗങ്ങളായ റവ. ഫാ. ഷാബു കുന്നത്തൂർ, റവ. ഫാ. ജോസഫ് കോച്ചേരി, സിസ്റ്റർ അഖില CTC, ശ്രീമതി സിജി ജിൻസൺ, ശ്രീമാൻ ഫ്രാൻസിസ് (തൃശ്ശൂർ) ശ്രീമതി ഷാലി, ശ്രീമാൻ അനി ജോസഫ്, ശ്രീമാൻ ബ്രിസ്റ്റോ, ജയിൻ ടീച്ചർ എന്നിവർ ക്ലാസുകൾ നയിച്ചു. സിസ്റ്റർ എൽസി O.Cam, സിസ്റ്റർ അന്റോണിയോ O.Cam, മിസ്സിസ് ജെയിൻ, സിസ്റ്റർ സിസിലി DHM, സിസ്റ്റർ മേരി ട്രീസ RSM, സിസ്റ്റർ സിനി CSM, സിസ്റ്റർ ഹിൽഡ OSHJ, സിസ്റ്റർ മേരി ലാൻസി OSHJ എന്നിവർ ദമ്പതികൾക്ക് വേണ്ടി കൗൺസിലിംഗ് നടത്തുകയും ചെയ്തു. മൂന്ന് ഇടവകകളിലുമായി ഏകദേശം 850-ൽപരം കുടുംബങ്ങൾ സാൻജോ മീറ്റിൽ പങ്കെടുത്തു.





പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ അതിഭാഷണം ചെയ്യരുത്. അതിഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്ന് അവർ കരുതുന്നു.
മത്തായി 6:7

## കാപ്പോ ട്രെയിനിംഗ് നടത്തി



കോട്ടപ്പുറം രൂപതയിലെ ഇടവക കേന്ദ്രസമിതിയ്ക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും പരിശീലനം (Capo Training) നടത്തി. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള കേന്ദ്ര സമിതി പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, ആനിമേറ്റർ സിസ്റ്റർ എന്നിവർക്കായി മൂന്നുമാസത്തിൽ ഒരിക്കൽ നടത്തുന്ന പരിശീലന പ്രോഗ്രാം (Capo Training) വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ നടത്തി. 'കോട്ടപ്പുറം രൂപയിലെ ജനജാഗരം' എന്ന വിഷയത്തെക്കുറിച്ച് കെ.ആർ.എൽ.സി.സി. അസോസിയേറ്റ് സെക്രട്ടറി റവ. ഫാ. ജിജു അറക്കത്തറ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. രൂപത ബിസിസി ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി വരാൻ പോകുന്ന തിരഞ്ഞെടുപ്പിനെ കുറിച്ചും കെ. ആർ.എൽ.സി.സി. ആഹ്വാനം ചെയ്യുന്ന കോട്ടപ്പുറം രൂപതയിലെ ജനജാഗരത്തെക്കുറിച്ചും നിർദ്ദേശങ്ങൾ നൽകി. ഇടവകകളിൽ നിന്നുള്ള ആനിമേറ്റർ സിസ്റ്റേഴ്സും കേന്ദ്ര സമിതി അംഗങ്ങളും ഈ ട്രെയിനിങ്ങിൽ പങ്കെടുത്തു.

### മതബോധന അറിയിപ്പുകൾ

**2024 ഒക്ടോബർ 06**

ഒന്നാം സെമസ്റ്റർ മതബോധന പരീക്ഷ (ക്ലാസ്സ് 1 മുതൽ 12 വരെ)

**2024 ഒക്ടോബർ 12, 13**

മതാദ്ധ്യാപകർക്കായുള്ള അടിസ്ഥാന പരിശീലന കോഴ്സ് (BCTC)

**2024 ഒക്ടോബർ 27**

ഉണ്ണീശോയ്ക്കൊരു കത്ത്, കഥപറയൽ മത്സരം (ഇടവകതലം)

### ഫാമിലി അപ്പസ്തോലേറ്റിന്റെ ഒക്ടോബർ മാസത്തെ പരിപാടികൾ

**11, 12 & 13 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**13-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)

# തഴപ്പായ തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ അംഗീകൃത ഭൗമ സൂചക പദവി രജിസ്ട്രേഷൻ




കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റി (കിഡ്സ്)യുടെ നേതൃത്വത്തിൽ നബാർഡിന്റെ സഹകരണത്തോടുകൂടി തഴപ്പായ തൊഴിലാളികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകൃത ഭൗമ സൂചക പദവി (G I Registration) നേടിക്കൊടുക്കുന്നതിന് വേണ്ടിയുള്ള സെമിനാറും രജിസ്ട്രേഷൻ നടപടികളും അഴീക്കോട് സെന്റ് തോമസ് ലാറ്റിൻ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. ഒരു പ്രത്യേക ഭൂമിശാസ്ത്രപരമായ ഉത്ഭവമുള്ളതും ആ സ്ഥലത്തിന് പ്രത്യേകമായ ഗുണങ്ങളോ പ്രശസ്തിയോ സവിശേഷതകളോ ഉള്ളതുമായ ഉൽപ്പന്നങ്ങൾക്ക് നൽകുന്ന ലേബൽ അല്ലെങ്കിൽ അടയാളമാണ് ജി ഐ രജിസ്ട്രേഷൻ. കിഡ്സ് കോട്ടപ്പുറത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രസ്തുത പരിപാടി കിഡ്സ് അസിസ്റ്റൻറ് ഡയറക്ടർ ഫാദർ എബിനേസർ ആൻറണി അദ്ധ്യക്ഷപദം അലങ്കരിക്കുകയും ശ്രീ. പി പി ജോൺ എറിയാട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. ജി ഐ കൺസൾട്ടന്റും അഗ്രികൾച്ചർ യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രൊഫസറുമായ ഡോക്ടർ എൽസി ആണ് സെമിനാർ നയിച്ചത്. എറിയാട് സർവീസ് സഹകരണ ബാങ്ക് മെമ്പർ ശ്രീ മനാഫ് അഴീക്കോട് കിഡ്സ് തഴപ്പായ ഫെഡറേഷൻ കോഡിനേറ്റർ ശ്രീ ഫ്രാൻസിസ് കെ സി എന്നിവർ യോഗത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. എറിയാട് ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പറും കിഡ്സ് ആനിമേറ്ററുമായ ശ്രീമതി ലൈല സേവ്യർ സ്വാഗതവും കിഡ്സ് കോഡിനേറ്റർ ശ്രീമതി ഗ്രേസി ജോയ് കൃതജ്ഞത അർപ്പിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ 200 തഴപ്പായ തൊഴിലാളികൾ പങ്കെടുത്തു.



*അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ*
യോഹന്നാൻ 2:5






# സായംപ്രഭ ഓണാഘോഷം











# Mission Sunday - 2023

| | | |
|---|---|---|
| 1 | Sacred Heart Church, Areepalam | 42,245 |
| 2 | St. Thomas Church, Azhikode | 1,00,000 |
| 3 | Holy Family Church, Chalakudy | 37,700 |
| 4 | St. Antony's Church, Koorkamattom | 31,000 |
| 5 | St. Vincent Ferrer Church, Chathanad | 12,000 |
| 6 | Infant Jesus Church, Kadakkara | 7,500 |
| 7 | St. Antony's Church, Cheriyappillly | 60,410 |
| 8 | Imma. Conceptio Church, Cheruvyppu | 30,000 |
| 9 | St. Antony's Shrine, Chettikad | 2,36,200 |
| 10 | St. Joseph Church, Cottolengo | 25,000 |
| 11 | Fathima Matha Church, Eriyad | - |
| 12 | St. Sebastian's Church, Gothuruth | 2,05,000 |
| 13 | Sacred Heart Church, Pazhampillithuruth | 10,001 |
| 14 | Japamala Ranji Church, Thuruthipuram | 23,500 |
| 15 | Holy Cross Church, Kadalvathuruth | 47,000 |
| 16 | Our Lady of Velankanni, Kadapuram | 40,000 |
| 17 | Our Lady of Mount Carmel, Kara | 1,50,000 |
| 18 | St. John Maria Vianney Church,Kedamangalam | 8,000 |
| 19 | Our Lady of Good Counsel, Kizhupadam | 56,920 |
| 20 | St. Thomas Church, Kodungallur | 30,000 |
| 21 | Little Flower Church, Koottukad | 52,100 |
| 22 | Nithya Sahaya Matha Church,Chendamangalam | 20,000 |
| 23 | St. Michael's Cathedral Church, Kottapuram | 2,80,000 |
| 24 | St. Jude's Church, Methala | 58,000 |
| 25 | St. Sebastian's Church, Panikkanthuruth | 1,500 |
| 26 | St. Sebastian's Church, Kottuvally | 90,000 |
| 27 | Christ The King Church, Krishnankotta | 10,000 |
| 28 | St. Francis Xavier's Church, Kunjithai | 65,070 |
| 29 | Lourdes Matha Church, Kurisinkal | 50,000 |
| 30 | St. Joseph's Church, Kurumbathuruth | 25,000 |
| 31 | Our Lady of Perp. Succour,Kuruvillassery | 47,235 |
| 32 | St. George's Church, Madaplathuruth | 50,000 |
| 33 | St. Antony's Church, Malapallipuram | 3,31,718 |

പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു.

യോഹന്നാൻ 3:35

| | | |
|---|---|---|
| 34 | St. Joseph's Church, Muttickal | 7,500 |
| 35 | Our Lady of Perp. Help Church, Manalikad | 5,000 |
| 36 | St. Paul's Church, Manancherikunnu | 74,730 |
| 37 | Holy Family Church, Munambam | 50,000 |
| 38 | St. Joseph's Church, Mathilakam | 1,32,895 |
| 39 | Our Lady of Snow Church, Pallipuram | 2,11,000 |
| 40 | Japamala Ranji Church, Cherai | 4,000 |
| 41 | Don Bosco Church, Paravur | 1,22,070 |
| 42 | St. Joseph's Church, Peechi | 49,000 |
| 43 | St. Sebastian's Church, Poyya | 1,07,000 |
| 44 | St. Antony's Church, Pulloot | - |
| 45 | St. Francis Xavier's Church, Sampaloor | 1,13,300 |
| 46 | Sacred Heart Church, Thrissur | 4,70,500 |
| 47 | St. Jude's Church, Kuttanallur | 20,000 |
| 48 | St. Francis Assisi Church, Thuruthipuram | 75,000 |
| 49 | St. Thomas Church, Thuruthur | 60,000 |
| 50 | Mary Matha Church, Vettilapara | 5,000 |
| 51 | St. Antony's Church, Kuriappilly | 11,111 |
| 52 | St Antony's Church, Kavilkadavu | 27,372 |

## Mission Sunday 2023 (Institutions)

| | | |
|---|---|---|
| 1 | St. Joseph's Convent, Kodungallur | 2,000.00 |
| 2 | Catechist Sisters of Sacred Heart, Collolengo | 4,000.00 |
| 3 | Sanjo Bhavan Chappel, Thrissur | 10,000.00 |
| 4 | Santa Maria English Medium LP School, Kdlr | 8,000.00 |
| 5 | Jubilee Home, N. Paravur | 3,500.00 |
| 6 | St. Thomas Convent, Thuruthoor | 3,000.00 |
| 7 | Sacred Heart Convent Kodungallur | 3000.00 |
| 8 | Eliswa Niketan Convent, Malapallipuram | 3000.00 |
| 9 | Maria Teresa Scrilli Public School, N. Paravur | 10,000.00 |
| 10 | Little Flower Convent, Pallipuram | 4,000.00 |
| 11 | Grace Villa Old Age Home, Pallipuram | 5,000.00 |
| 12 | Don Bosco Hospital, N. Paravur | 20,000 |
| 13 | Cottolengo Sisters N. Paravur | 1,000.00 |



# പേജർ യുദ്ധം

ഫാ. ജോസഫ് കുന്നത്തൂർ

യുദ്ധശൈലി മാറുകയാണ്. തോക്കുകളും ബോംബുകളും ടാങ്കുകളും യുദ്ധവിമാനങ്ങളും ഇല്ലാതെ, ശത്രുരാജ്യത്ത് പ്രവേശിക്കാതെ തന്നെ നാശം വിതയ്ക്കാമെന്ന് തെളിയിച്ചിരിക്കുകയാണ് ഇസ്രായേൽ എന്ന കൊച്ചുരാജ്യം. ലെബനൻ കേന്ദ്രമായി പ്രവർത്തിക്കുന്ന മുസ്ലീം ഭീകര സംഘടനയായ ഹിസ്ബുല്ല ഉപയോഗിച്ചിരുന്ന ആയിരക്കണക്കിന് പേജറുകളും വാക്കിടോക്കികളും പൊട്ടിത്തെറിച്ച് ഇരുപതോളം പേർ മരിക്കുകയും മുവ്വായിരത്തിലധികം പേർക്ക് മുറിവേൽക്കുകയും ചെയ്തു. ഇത് പുതിയൊരു യുദ്ധതന്ത്രമാണ്. എങ്ങനെയാണ് ഇത് നടപ്പാക്കിയത് എന്ന് വ്യക്തമല്ല. പേജറുകളിൽ സ്ഫോടനം സൃഷ്ടിക്കാമെങ്കിൽ മൊബൈൽ ഫോണുകളിലും ഇത് സാധ്യമാണ്. അങ്ങനെ വന്നാൽ അതിന്റെ വ്യാപ്തി വളരെ വലുതായിരിക്കും. ഇതാണ് ലോകത്തെയാകെ ആശങ്കയിലാഴ്ത്തുന്നതും ഭയപ്പെടുത്തുന്നതും. ഇസ്രായേൽ ചാരസംഘടനയായ മൊസാദ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയെന്നാണ് കരുതപ്പെടുന്നത്. ഇസ്രായേൽ ഇത് നിഷേധിച്ചിട്ടില്ല. യഥാർത്ഥത്തിൽ ഇസ്രായേൽ ഉറങ്ങുന്ന സിംഹമായിരുന്നു. യാതൊരു കാര്യവുമില്ലാതെ പാലസ്തീൻ ജനതയുടെ പേരുപറഞ്ഞ് മുസ്ലീം ഭീകരസംഘടനകൾ ചൊറിയുവാൻ ചെന്നതാണ്. പാലസ്തീനിൽ നിലനിൽക്കുന്ന സമാധാനാന്തരീക്ഷം തകർക്കുക അവരുടെ നിഗൂഢലക്ഷ്യമായിരുന്നു. കഴിഞ്ഞ ഒക്ടോബറിൽ ഇസ്രായേലിലേക്ക് അതിക്രമിച്ചു കയറി മുവായിരത്തിലധികം ഇസ്രായേൽക്കാരെ വധിക്കുകയും ആയിരത്തിലധികം പേരെ ഒളിത്താവളങ്ങളിലേക്ക് പിടിച്ചുകൊണ്ടു പോവുകയും ചെയ്തു. ഇസ്രായേലിന്റെ തിരിച്ചടി അതിശക്തവും ഭീകരവുമായിരിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. എന്നാൽ ഈ സാഹചര്യം മുതലെടുത്തുകൊണ്ട് മുസ്ലീം രാജ്യങ്ങളെയാകെ ഇസ്രായേലിനെതിരെ അണിനിരത്തുവാനും ലോകത്തിന്റെ മുന്നിൽ ഇസ്രായേലിനെ താറടിച്ചുകൊണ്ട് ലോകം മുഴുവനും പണപ്പിരിവ് നടത്തി തടിച്ചുകൊഴുക്കുവാനുമാണ് ഭീകരസംഘടനകൾ ലക്ഷ്യമിടുന്നത്. അവരുടെ ലക്ഷ്യം ഏറെക്കുറെ സാധിതമായിരിക്കുകയാണ്. പക്ഷേ, അതിനുവേണ്ടി പാലസ്തീനിലും ലബനനിലും അധിവസിക്കുന്ന പാവപ്പെട്ട ജനതതി കൊടുക്കേണ്ടിവരുന്ന വില വളരെ വലുതാണ്. യാതനകളുടെയും വേദനകളുടെയും ലോകത്തിലേക്ക് വലിച്ചെറിയപ്പെടുന്ന ഈ ജനവിഭാഗത്തിന്റെ പേരിൽ കള്ളക്കണ്ണീരൊഴുക്കിയാണ് ഭീകരവാദികൾ ലക്ഷ്യം കാണുന്നത്.



*നിങ്ങൾ ക്ഷമിക്കുന്നവനോടു ഞാനും ക്ഷമിക്കുന്നു. ഞാൻ എന്തെങ്കിലും ക്ഷമിച്ചിട്ടുണ്ടെങ്കിൽ, അതു ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കുവേണ്ടിയാണ്.*

2 കൊറി 2 : 10

## ചെറായി
## ജപമാല രാജ്ഞി ദൈവാലയത്തിൽ

# പരിശുദ്ധ ജപമാല രാജ്ഞിയുടെ
# മധ്യസ്ഥ തിരുനാൾ



## 2024
## ഒക്ടോബർ
## 25 മുതൽ 27 വരെ

### നവനാൾ
### ദിനങ്ങൾ
ഒക്ടോബർ
16 മുതൽ 24 വരെ

## കൊടികയറ്റം

**ഒക്ടോബർ 25 വെള്ളളി വൈകീട്ട് 5.15 ന്**

കാർമ്മികൻ : റവ. ഡോ. ആന്റണി കുരിശിങ്കൽ

വചനപ്രഘോഷണം : റവ. ഫാ. ലാസർ സിന്റോ

## പ്രസുദേന്തിവാഴ്ച

**ഒക്ടോബർ 26 ശനി വൈകീട്ട് 5.00 ന്**

കാർമ്മികൻ : റവ. ഫാ. ഷിബിൻ കൂളിയത്ത്

വചനപ്രഘോഷണം : റവ. ഫാ. ജെയിംസ് അറക്കത്തറ

## തിരുനാൾ ദിനം

**ഒക്ടോബർ 27 ഞായർ**

രാവിലെ 9.30 ന് : **തിരുനാൾ ദിവ്യബലി**

കാർമ്മികൻ : വെരി. റവ. മോൺ. റോക്കി റോബി കളത്തിൽ

വചനപ്രഘോഷണം : റവ. ഫാ. ജോസ് ജോസഫ് ഒളാട്ടുപുറത്ത്

വൈകീട്ട് 7.00 ന് **ഇടവക ദിനം**

# ജപമാലരാജ്ഞി തീർത്ഥാടന ദൈവാലയം
## തുരുത്തിപ്പുറം



**കൊടികയറ്റം**
ഒക്ടോബർ 9

**ഇടവക തിരുനാൾ**
ഒക്ടോബർ 13

## പരിശുദ്ധ ജപമാലരാജ്ഞി മാതാവിന്റെ സൗഖ്യദായകമായ

**നവനാൾ ദിനങ്ങൾ**
സെപ്റ്റംബർ 30 മുതൽ
ഒക്ടോബർ 8 വരെ

# ഊട്ടുതിരുനാൾ

2024
ഒക്ടോബർ
12



**2024 ഒക്ടോബർ 09 മുതൽ 13 വരെ**

## ജീവിത നവീകരണ മരിയൻ ധ്യാനം
2024 ഒക്ടോബർ 6, 7, 8 (ഞായർ, തിങ്കൾ, ചൊവ്വ)

- എല്ലാ ശനിയാഴ്ചകളിലും രാവിലെ 6.00 നും 10.30 നും വൈകീട്ട് 6.00 നും ദിവ്യബലി, നൊവേന, ആരാധന, ഊട്ടുനേർച്ച, കുഞ്ഞുങ്ങൾക്ക് ചോറൂട്ട്, എല്ലാ ശനിയാഴ്ചകളിലും കുമ്പസാരിക്കാനുള്ള സൗകര്യം.
- എല്ലാ ആദ്യശനിയാഴ്ചകളിലും കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള പ്രാർത്ഥന, പരി. അമ്മയുടെ ഉണ്ണിത്തൊട്ടിലിൽ കിടത്തിയുള്ള പ്രാർത്ഥന,
- കുഞ്ഞുങ്ങൾക്ക് പരി. അമ്മയുടെ അപ്പം നൽകൽ. എല്ലാ രണ്ടാം ശനിയാഴ്ചകളിലും രോഗശാന്തി ശുശ്രൂഷ.
- എല്ലാ ശനിയാഴ്ചകളിലും പട്ട് സമർപ്പണം, പൂമാല നേർച്ച, മുട്ടിട്ട് നീന്തികയറൽ, അടിമ ഇരുത്തൽ എന്നീ നേർച്ചകൾ നടത്താനുള്ള സൗകര്യം.